## പ്രസിദ്ധീകരണത്തിന്

## 2020 ജൂൺ 28-ാം തീയതി മലയാള മനോരമ പത്രത്തിലെ 10-ാം പേജിൽ ജലനിധിയുമായി ബന്ധപ്പെട്ട് വന്ന വാർത്തയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ നൽകുന്ന വിശദീകരണ കുറിപ്പ്.

ലോകബാങ്ക് ധനസഹായത്തോടെ കേരള സർക്കാർ ഗ്രാമീണ മേഖലയിൽ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന കുടിവെള്ള വിതരണ ശുചിത്വ പദ്ധതിയാണ് ജലനിധി. ജലനിധി ഒന്നാംഘട്ടത്തിൽ 451.4 കോടി രൂപ ചെലവിൽ 15 ലക്ഷം പേർക്ക് കുടിവെള്ള ശുചിത്വ സൗകര്യങ്ങൾ നൽകുന്നതിനാണ് വിഭാവനം ചെയ്തിരുന്നതെങ്കിലും. 411 കോടി രൂപ ചെലവിൽ പദ്ധതി പൂർത്തീകരിക്കുവാൻ കഴിഞ്ഞു. 18.66 ലക്ഷം ഗുണഭോക്താക്കൾക്ക് ( 10.56 ലക്ഷം കുടിവെള്ള പദ്ധതികളിലും 8.10 ലക്ഷം ശുചിത്വ പദ്ധതികളിലും) പദ്ധതി പ്രയോജനകരമാകുകയും ചെയ്തു.

ജലനിധി രണ്ടാംഘട്ടത്തിലെ പദ്ധതി രൂപരേഖയിൽ 12 ജില്ലകളിലെ 11.5 ലക്ഷം പേർക്ക് കുടിവെള്ളം നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ 2018, 2019 എന്നീ വർഷങ്ങളിലെ പ്രളയം, പദ്ധതി നിർവ്വഹണത്തെ പ്രതികൂലമായി ബാധിച്ചുവെങ്കിൽ പോലും 11.60 ലക്ഷം പേർക്ക് ഇതിനോടകം കുടിവെള്ളം നൽകിയിട്ടുണ്ട് (കുടിവെള്ള പദ്ധതികളിലെ ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു). 2019 ജൂൺ മാസമാണ് ലോകബാങ്ക് സഹായം അവസാനിച്ചത്. എങ്കിലും കണക്കുകൾ തീർപ്പാക്കുന്നതിന് 2019 ഡിസംബർ 27 വരെ സമയം അനുവദിച്ചിരുന്നതിനാൽ ഫലത്തിൽ പദ്ധതി കാലയളവ് 2019 ഡിസംബറിലാണ് അവസാനിച്ചത്. സാമൂഹ്യ ഉടമസ്ഥതയിലുള്ള ഈ പദ്ധതികൾ കണക്കുകൾ സംബന്ധിച്ച ഓഡിറ്റ് പൂർത്തിയാക്കി ജനകീയ സമിതികൾക്കും ഗ്രാമപഞ്ചായത്തിനും കൈമാറ്റം ചെയ്യുന്ന വിട്ടുതൽ നടപടികളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്.

ലോകബാങ്ക് അനുവദിച്ചിരുന്ന പദ്ധതി കാലയളവിൽ പദ്ധതിക്കുണ്ടായ ആകെ ചെലവ് 1360.24 കോടി രൂപയാണ്. ആയതിന്റെ 65% ആയ 884.31 കോടി രൂപയാണ് കരാർ പ്രകാരം ലോകബാങ്ക് വായ്പയായി അനുവദിച്ചത്. കോവിഡ് -19 ന്റെ പശ്ചാത്തലത്തിൽ ജലനിധി രണ്ടാംഘട്ട പദ്ധതിയുടെ വിട്ടുതൽ നടപടികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിട്ടതിനാലാണ് പദ്ധതികാലയളവ് നീട്ടുന്നതിന് സർക്കാരിലേക്ക് കത്ത് നൽകിയത്. പ്രസ്തുത വിഷയം സർക്കാരിന്റെ പരിഗണനയിലുമാണ്. ഇതിനായി ധനവകുപ്പ് ചില വിശദാംശങ്ങൾ ആവശ്യപ്പെടുക മാത്രമാണ് ഉണ്ടായത്.

KRWSA - നടപ്പിലാക്കിവരുന്ന ജലനിധി രണ്ടാംഘട്ട പദ്ധതി പൂർത്തീകരണ പ്രവർത്തനങ്ങളോടൊപ്പം "പൊതുജന പങ്കാളിത്തത്തോടെയുള്ള കുടിവെള്ള പദ്ധതികളുടെ സുസ്ഥിരത ഉറപ്പാക്കൽ" (നടപ്പ വർഷം - ബഡ്ജറ്റ് വിഹിതം -30 കോടി രൂപ) "മഴവെള്ള സംഭരണത്തിന്റെ പ്രചരണവും ഭൂജലപരിപോഷണവും" (നടപ്പുവർഷം ബഡ്ജറ്റ് വിഹിതം-10 കോടി രൂപ) എന്നീ പദ്ധതികളും നടപ്പിലാക്കുന്നതിനാവശ്യമായ ജീവനക്കാർ മാത്രമേ ഇപ്പോൾ KRWSA യിൽ തുടരുന്നുള്ളൂ. കൂടാതെ 2018 ലേയും 2019 ലേയും പ്രളയം പ്രതികൂലമായി ബാധിച്ച അനവധി സ്കീമുകളുടെ പുനരുദ്ധാരണവും നടന്നു വരുന്നു. മേൽ പ്രവൃത്തികൾക്കായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ തന്നെയാണ് ജലനിധി വിട്ടുതൽ നടപടികളും ചെയ്യുന്നത് എന്നതിനാൽ ഇക്കാര്യത്തിൽ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ല.

KERALA RURAL WATER SUPPLY AND SANITATION AGENCY
Jalanidhi
PROJECT MANAGEMENT UNIT
THIRUVANANTHAPURAM
PIN-695001

ജലനിധി പദ്ധതികളുടെ തുടർ നടത്തിപ്പും പരിപാലനവും നടത്തുന്നതും കുടിവെള്ള നിരക്ക് നിശ്ചയിക്കുന്നതും ഗുണഭോക്തൃ സമിതികൾ തന്നെയാണ്. പദ്ധതിയുടെ സുസ്ഥിര നടത്തിപ്പിന് ആവശ്യമായ തുക കണക്കാക്കിയാണ് ഗുണഭോക്തൃ സമിതികൾ നിരക്ക് നിശ്ചയിക്കുന്നത്. ഇത്തരത്തിൽ മറ്റു കുടിവെള്ള പദ്ധതികളുമായി താരതമ്യപ്പെടുത്തുമ്പോൾ ആവർത്തന ചെലവിലേക്ക് പ്രതിവർഷം ഏകദേശം 54 കോടിയോളം രൂപ സർക്കാർ ഖജനാവിന് ലാഭമുണ്ടായിട്ടുണ്ട്. സർക്കാരിന് അധിക ബാദ്ധ്യതയില്ലാതെ ജനങ്ങൾ തന്നെ സ്വയം പദ്ധതി നടത്തിപ്പ് ഏറ്റെടുക്കുന്നു എന്നതാണ് ജലനിധി പദ്ധതിയുടെ ഏറ്റവും വലിയ പ്രത്യേകത. ആയതിനാൽ തന്നെ ഇതു സംബന്ധിച്ച പരാതികൾക്ക് യാതൊരു അടിസ്ഥാനവുമില്ല.

സംസ്ഥാന സർക്കാർ ജലനിധിക്കായി പ്രത്യേക ഉപദേഷ്ടാവിനെ നിയമിച്ചിട്ടില്ല. ജലവിഭവ വകുപ്പിലെ വിവിധ വിഭാഗങ്ങളുടെ നയരൂപീകരണം, പദ്ധതി രൂപീകരണം, നിർവ്വഹണം എന്നിവയ്ക്ക് ആവശ്യമായ ഉപദേശം നൽകുന്നതിനാണ് ഉപദേഷ്ടാവിനെ നിയമിച്ചിട്ടുള്ളത്. പ്രതിമാസം 10 ദിവസം ആണ് ഇദ്ദേഹത്തിന്റെ സേവനം ഉപയോഗിക്കുന്നത്. നിലവിൽ ഉള്ള ഓഫീസ് സൗകര്യവും വാഹനവും ആണ് ഉപദേഷ്ടാവിന്റെ ഉപയോഗത്തിലേക്കായി നൽകിയിരിക്കുന്നത്.

ലോകബാങ്കും ഭാരത സർക്കാരും കക്ഷികളായ ജലനിധി രണ്ടാംഘട്ട പദ്ധതിയുടെ സാമ്പത്തിക കരാർ പ്രകാരം വായ്പയുടെ തിരിച്ചടവ് സംബന്ധിച്ചുള്ള കാലാവധി നേരത്തെ നിശ്ചയിച്ചിട്ടുള്ളതാണ്. അതനുസരിച്ച് തിരിച്ചടവ് 2017-ജൂൺ മാസം 15- ഓടുകൂടി ആരംഭിച്ചിട്ടുണ്ട്. തിരിച്ചടവ് കാലാവധി 2036 ജൂൺ 15 ഓടുകൂടി അവസാനിക്കുന്നതുമാണ്. ആയതിനാൽ നിർവ്വഹണ കാലാവധി നീട്ടിയതുമായി ബന്ധപ്പെട്ട് തിരിച്ചടവ് കാലാവധിയിലോ അടയ്ക്കേണ്ട തുകയിലോ യാതൊരു വർദ്ധനവും ഉണ്ടായിട്ടില്ല.

2009ലെ സംസ്ഥാന ആസൂത്രണ ബോർഡിന്റെ അവലോകന റിപ്പോർട്ട് പ്രകാരം കേരളത്തിൽ എല്ലായിടത്തും ജലനിധി പദ്ധതി വിജയകരമല്ലാത്തതിനാൽ തുടരേണ്ടതില്ലെന്ന് ചൂണ്ടിക്കാട്ടിയിരുന്നു എന്ന വാർത്ത പൂർണ്ണമായും തെറ്റാണ്. പ്രസ്തുത റിപ്പോർട്ടിൽ നിലവിലുള്ള ജലനിധി പഞ്ചായത്തുകളിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള കുടിവെള്ള വിതരണ ആസ്തികൾ ശരിയായ രീതിയിൽ പരിപാലിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുകയും നിലവിൽ കുടിവെള്ള ലഭ്യത കുറഞ്ഞ പഞ്ചായത്തുകളിൽ ആവശ്യമായ ധനലഭ്യതയോടുകൂടി ജലനിധി പദ്ധതി തുടരുന്നതിനാണ് നിർദ്ദേശിച്ചിരുന്നത്. കൂടാതെ ജലനിധി പദ്ധതികളുടെ തുടർനടത്തിപ്പിൽ പഞ്ചായത്തുകൾ കൂടുതൽ കാര്യക്ഷമമായി ഇടപെടുവാനും റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നു.

ഗ്രാമീണ മേഖലയിൽ കുടിവെള്ള, ശുചിത്വ പദ്ധതികൾ നടപ്പാക്കാനായി ലക്ഷ്യമിട്ട് രൂപീകൃതമായ സ്ഥാപനമാണ് KRWSA. ലോകബാങ്ക് സഹായത്തോടെയുള്ള ജലനിധി അത്തരത്തിൽ ഒരു പദ്ധതി മാത്രമാണ്. അതിനാൽ തന്നെ സാമൂഹ്യ പങ്കാളിത്തത്തോടെ ഗ്രാമീണ മേഖലയിൽ നടപ്പാക്കുന്ന "ജലജീവൻ മിഷൻ" പദ്ധതികളിൽ KRWSA യുടെ മാതൃകയിൽ KRWSA യുടെ നേതൃത്വത്തിൽ പദ്ധതികൾ ഏറ്റെടുക്കുന്നതാണ്.

KERALA RURAL WATER SUPPLY AND SANITATION AGENCY
Jalanidhi
PROJECT MANAGEMENT UNIT
THIRUVANANTHAPURAM
PIN-695001

എക്സിക്യൂട്ടീവ് ഡയറക്ടർ

അനുബന്ധം :

| WATER SUPPLY COVERAGE-JALANIDHI PHASE-I | | | | |
|---|---|---|---|---|
| Sl No | District Name | No of GPs | No. of HHs covered | No. of population benefited |
| 1 | Trivandrum | 2 | 3203 | 17617 |
| 2 | Kollam | 4 | 20285 | 111568 |
| 3 | Pathanmathitta | 2 | 2398 | 13189 |
| 4 | Kottayam | 2 | 4120 | 22660 |
| 5 | Ernakulam | 2 | 2697 | 11952 |
| 6 | Idukki | 2 | 2173 | 14834 |
| 7 | Trissur | 16 | 27747 | 152609 |
| 8 | Palakkad | 20 | 36089 | 198490 |
| 9 | Malappuram | 33 | 49223 | 271567 |
| 10 | Kozhikkode | 23 | 27155 | 149353 |
| 11 | Wayanad | 2 | 7397 | 40684 |
| 12 | Kannur | 2 | 5059 | 27825 |
| 13 | Kasaragod | 2 | 4320 | 23760 |
| | **Total** | **112** | **191866** | **1056108** |

| WATER SUPPLY COVERAGE-JALANIDHI PHASE -II | | | | |
|---|---|---|---|---|
| Sl No | District Name | No of GPs | No. of HHs covered | No. of population benefited |
| 1 | Trivandrum | 1 | 1369 | 6092 |
| 2 | Pathanmathitta | 2 | 3579 | 15927 |
| 3 | Kottayam | 21 | 42100 | 187345 |
| 4 | Idukki | 19 | 34305 | 152657 |
| 5 | Trissur | 8 | 35518 | 158055 |
| 6 | Palakkad | 6 | 14262 | 63466 |
| 7 | Malappuram | 14 | 41271 | 183656 |
| 8 | Kozhikkode | 13 | 23477 | 104473 |
| 9 | Wayanad | 11 | 28877 | 128497 |
| 10 | Kannur | 10 | 17098 | 76086 |
| 11 | Kasaragod | 10 | 18096 | 80527 |
| | **Total** | **115** | **259952** | **1156781** |

KERALA RURAL WATER SUPPLY AND SANITATION AGENCY
Jalanidhi
PROJECT MANAGEMENT UNIT
THIRUVANANTHAPURAM
PIN-695001